**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4116** **28-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റപ്പുഴ ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുറ്റപ്പുഴ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവൃത്തിക്ക് കാലതാമസം ഉണ്ടാകാനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ; | (എ) | പത്തനംതിട്ട ജില്ലയിലെ തിരുവല്ല കുറ്റപ്പുഴ സർക്കാർ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 2016-17 ൽ 50 ലക്ഷം രൂപയും, 2017-18 ൽ 108.15 ലക്ഷം രൂപയും ചേർത്ത് ആകെ 1,58,15,000/-രൂപ അനുവദിച്ചിരുന്നതും, ടി തുക പ്രകാരമുള്ള നിർമ്മാണ പ്രവർത്തനത്തിന് സർക്കാർ അനുമതി ലഭ്യമായിട്ടുള്ളതുമാണ്. ആയത് പ്രകാരം ടി തുക പത്തനംതിട്ട പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിരുന്നു. എന്നാൽ, ടി കെട്ടിടം പണിയേണ്ട സ്ഥലത്ത് ഏകദേശം 14 വർഷങ്ങൾക്ക് മുൻപ് ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനായി മുൻസിപ്പൽ ഫണ്ട് ഉപയോഗിച്ച് ഫൗണ്ടേഷനും പില്ലറുകളും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം പണിതിരുന്നു. എന്നാൽ ആയതിന് ശേഷം നിർമ്മാണ പ്രവർത്തനം മുടങ്ങിയ സാഹചര്യത്തിലും, നിലവിലുള്ള ഫൗണ്ടേഷൻ ഉപയോഗപ്പെടുത്തി വേണം മുകളിലേക്കുള്ള സ്ട്രക്ചർ വർക്ക് ചെയ്യേണ്ടത് എന്നതിനാലും, ടി ഫൗണ്ടേഷൻ നിർമ്മാണം സംബന്ധിച്ച് സ്ട്രക്ചറൽ സ്റ്റെബിലിറ്റി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും പി.ഡബ്ല്യൂ.ഡി ആവശ്യപ്പെട്ടിരുന്നെങ്കിലും, ആയത് ലഭിക്കാത്തതിനാൽ പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം പണി ആരംഭിച്ചിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ജില്ലാ മെഡിക്കൽ ആഫീസർ ചീഫ് എഞ്ചിനീയറുമായി നടത്തിയ ചർച്ചയിൽ പ്രസ്തുത സ്ഥലത്ത് ടി വർക്ക് ചെയ്യുന്നതിന് നിലവിലുള്ള ഫൗണ്ടേഷൻ ചെയ്ത എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തെ തന്നെ നിർമ്മാണ പ്രവർത്തി ഏൽപ്പിക്കണമെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രവർത്തികൾ തിരുവല്ല നഗരസഭ എഞ്ചിനീയറിംഗ് |

| | | | |
|---|---|---|---|
| | | | വിഭാഗം ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി യ്ക്ക് കൈമാറിയിരുന്ന 158.15 ലക്ഷം രൂപ മുൻസിപ്പാലിറ്റിയ്ക്ക് കൈമാറുന്നതിന് തിരുവല്ല മുൻസിപ്പൽ സെക്രട്ടറിയുടെ എസ്.റ്റി.എസ്.ബി അക്കൗണ്ട് ലഭ്യമാക്കി പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിരുന്നു. എന്നാൽ കൈമാറേണ്ട തുക 1 കോടിയിൽ കൂടുതൽ ഉള്ളതിനാൽ ധനകാര്യ വകുപ്പിൽ നിന്നും ways and means clearance ലഭിക്കാഞ്ഞതിനെ തുടർന്ന് തുക കൈമാറാൻ കഴിഞ്ഞിരുന്നില്ലെന്ന് പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ടി കെട്ടിടം പണിയുന്നതുമായി ബന്ധപ്പെട്ട് 04/09/2019 ൽ മുൻസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗവും പി.ഡബ്ല്യൂ.ഡി എഞ്ചിനീയറിംഗ് വിഭാഗവും ആശുപത്രി ചീഫ് മെഡിക്കൽ ആഫീസറും സംയുക്തമായി യോഗം ചേരുകയും, ഏകദേശം 14 വർഷം മുൻപ് മുൻസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം പണിത ഫൗണ്ടേഷൻ നഗരസഭ പൊളിച്ച് നീക്കാമെന്നും, തുടർന്ന് ടി കെട്ടിടം പണി പി.ഡബ്ല്യൂ.ഡി ചെയ്യണമെന്നും മുൻസിപ്പൽ അധികൃതർ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി എഞ്ചിനീയറിംഗ് വിഭാഗം കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചു. എന്നാൽ മുൻസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം പണിത ഫൗണ്ടേഷൻ നഗരസഭ നാളിതുവരെ പൊളിച്ച് നീക്കി നൽകിയിട്ടില്ലാത്തതിനാലും, നിലവിലെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തി നിലവിൽ ലഭിച്ച തുകക്കുള്ളിൽ നിന്ന് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിലും കെട്ടിട നിർമ്മാണ പ്രവർത്തികൾ നാളിതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>ടി ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലഭിച്ച ഭരണാനുമതി ഉത്തരവ് ലഭിച്ച് 3 വർഷം കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവ് റീ വാലിഡേറ്റ് ചെയ്യുന്നതിനും പി ഡബ്ല്യൂ ഡി യിൽ നിന്നും ലഭ്യമായിരുന്ന നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ടുള്ള ഫൈനൽ ഡ്രോയിംഗ് അംഗീകരിക്കുന്നതിലേക്കുമായി പുതിയ പ്ലാനും റീകാസ്റ്റ് എസ്റ്റിമേറ്റും (ഫിനിഷിംഗ് ജോലികൾ ഉൾപ്പെടെ) തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് വകുപ്പിന് ഭാരതീയ ചികിത്സാ വകുപ്പ് കത്ത് നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണം വേഗത്തിലാക്കുവാൻ വേണ്ട നടപടി അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ